**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1207** **31-01-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂരിലെ തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷന്റെ പയ്യന്നൂരിലെ തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | പയ്യന്നൂർ തീയേറ്റർ കോംപ്ലക്സിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ, റൂഫിങ് വർക്കുകൾ, ബ്ലോക്ക് വർക്ക്, പ്ലാസ്റ്ററിങ് വർക്കുകൾ, ഇലക്ട്രിക് വർക്കുകൾ മുതലായവ പൂർത്തിയായി. ഫയർ ഫൈറ്റിങ് വർക്കുകൾ, ഫ്ലോർ ഫിനിഷിങ് വർക്കുകൾ മുതലായവ പുരോഗമിച്ചുവരുന്നു. തീയേറ്റർ എഞ്ചിനീയറിംഗിന്റെ ഭാഗമായ അക്കൗസ്റ്റിക്സ്, സ്ക്രീൻ ഫ്രെയിം വർക്കുകൾ ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ രേഖകൾ പരിശോധിച്ച് കരാറുകാരനെ തെരഞ്ഞെടുക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ; വിശദമാക്കാമോ? | (ബി) | പയ്യന്നൂർ തീയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും അവലോകനയോഗങ്ങൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ